# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**


# പാണ്ടനാട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2024-2025**





**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**ആലപ്പുഴ-688001**

**ഇ-മെയിൽ: ddhglfalpy@gmail.com**
**ഫോൺ : 0477-2252753**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/എ.എൽ.പി/പി7/1344/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയതി: 18/12/2025
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാണ്ടനാട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പാണ്ടനാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാണ്ടനാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/എ.എൽ.പി/പി7/1344/2025 തീയതി: 18/12/2025

## ആലപ്പുഴ ജില്ലയിലെ പാണ്ടനാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ പാണ്ടനാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സജിത ദാസ് | ഡെപ്യൂട്ടി ഡയറക്ടർ | 04-11-2025 | 11-11-2025 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-11-2025 | 11-11-2025 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ദീപ കെ.ഗോപാൽ, ഓഡിറ്റ് ഓഫീസർ
രാജി എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
മനേഷ് കുമാർ ജി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ഷിബു എ.പി., സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ജെയിൻ ജിനു ജോക്കബ് | പ്രസിഡന്റ് | 01-04-2024 | 08-01-2025 |
| ശ്രീ.മനോജ് കുമാർ.കെ. | പ്രസിഡന്റ് | 09-01-2025 | 03-02-2025 |
| ശ്രീമതി. അമ്മാളുകുട്ടി സണ്ണി | പ്രസിഡന്റ് | 04-02-2025 | 31-03-2025 |
| ശ്രീമതി.ലത.എൽ. | സെക്രട്ടറി | 01-04-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ആര്യ.എം. | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ.വിഷ്ണു.ആർ.എസ്. | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| ശ്രീമതി.സൌമ്യമോൾ.യു. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2024 | 31-05-2024 |
| ശ്രാമതി.രാജശ്രീ രാജൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-06-2024 | 31-03-2025 |
| ഡോ.സതീഷ് കുമാർ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2024 | 31-03-2025 |
| ഡോ.രാധിക.ആർ.നായർ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2024 | 31-03-2025 |
| ശ്രീമതി.റീജാമോൾ.ആർ. | ഹെഡ്മിസ്ട്രസ്സ് ,ഗവ.ജെ.ബി.എസ്.കീഴ്വന്മഴി,പാണ്ടനാട് | 01-04-2024 | 31-03-2025 |

| | | | |
|---|---|---|---|
| ശ്രീമതി.ഉഷ.ആർ. | അസിസ്റ്റന്റ് എഞ്ചിനീയർ, | 01-04-2024 | 31-03-2025 |
| ശ്രീമതി.കവിത.ആർ.പി. | വി.ഇ.ഒ. | 01-04-2024 | 31-03-2025 |
| ശ്രീമതി.ദേവികൃഷ്ണ.കെ.കെ. | വി.ഇ.ഒ. | 01-04-2024 | 31-03-2025 |
| ഡോ.സുരേഷ് കുമാർ | മെഡിയ്ക്കൽ ഓഫീസർ, സി.എച്ച്.സി | 01-04-2024 | 31-03-2025 |
| ശ്രീമതി.റെജി മോൾ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ചെലവ് തുക തെറ്റായ ശീർഷകത്തിലുൾപ്പെടുത്തി | 1-1-1 |
| 3 | ധനകാര്യകമ്മീഷൻ ഗ്രാന്റ് -ചെലവ് തുകയിൽ വ്യത്യാസം | 1-1-2 |
| 4 | ലോൺ തുക രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | നിക്ഷേപ പ്രവൃത്തിയുടെ തുക അഡ്വാൻസ് ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-4 |
| 6 | ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല | 1-1-5 |
| 7 | പ്രവർത്തനരഹിതമായ അക്കൌണ്ടിൽ നീക്കിയിരുപ്പ് രേഖപ്പെടുത്തി | 1-1-6 |
| 8 | വാർഷിക ധനകാര്യ പത്രികക്കൊപ്പം എല്ലാ പത്രികകളും സമർപ്പിച്ചിട്ടില്ല | 1-1-7 |
| 9 | ബഡ്ജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം | 1-3 |
| 11 | ഗ്രാന്റ് വിനിയോഗം | 1-4 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 14 | ക്ഷേമ പദ്ധതികൾ | 1-7 |
| 15 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 16 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-9 |
| 17 | അൺ- എയ്ഡഡ് സ്കൂളുകളുടെ വസ്തുനികുതി നിർണ്ണയം നടത്തി നികുതി ഈടാക്കിയില്ല | 1- 10 |
| 18 | ഓഡിറ്റ് ഇംപാക്റ്റ് - കുറവായി ഈടാക്കിയ തൊഴിൽ നികുതി ജീവനക്കാരിൽ നിന്ന് ഈടാക്കി | 1- 11 |
| 19 | വസ്തുനികുതി പരിഷ്ക്കരണം - പൂർത്തീകരിച്ചിട്ടില്ല | 1- 12 |
| 20 | കട്ടിൽ വാങ്ങൽ-അർഹതാ മാനദണ്ഡങ്ങൾ പാലിച്ചില്ല | 1- 13 |
| 21 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - നിർമ്മാണം പൂർത്തീകരിച്ചില്ല | 1- 14 |
| 22 | പാലിയേറ്റീവ് പരിചരണം - ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 1- 15 |
| 23 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ -മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല | 1- 16 |
| 24 | സംരക്ഷണഗ്രാന്റ് വിനിയോഗിക്കാതെ നഷ്ടപ്പെടുത്തി | 1- 17 |
| 25 | തുക തിരികെ ഒടുക്കിയിട്ടില്ല - ബാധ്യത തുടരുന്നു | 1- 18 |
| 26 | എം.സി.എഫിന് അധിക സൌകര്യം ഒരുക്കൽ - മൂല്യനിർണ്ണയം നടത്താതെ തുക അനുവദിച്ചു | 1- 19 |
| 27 | വരൾച്ച ദുരിതാശ്വാസം - കുടിവെള്ളവിതരണം - പഞ്ചായത്തിന് ലഭിക്കേണ്ട അളവിലുള്ള ജലം ലഭിച്ചില്ല | 1- 20 |
| 28 | തെരുവ് വിളക്ക് എ.എം.സി. ടെൻഡർ പരസ്യത്തിൽ ആവശ്യമായ വിശദാംശങ്ങൾ ഉൾപ്പെടുത്തിയില്ല | 1- 21 |
| 29 | വികസനഫണ്ട്, നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് എന്നിവയിൽ നിന്ന് ജീവനക്കാരുടെ ഐ.റ്റി.ആർ. റ്റി.ഡി.എസ് ഫയലിംഗിനായി തുക ചെലവഴിച്ചു | 1- 22 |
| 30 | ജലജീവൻ പദ്ധതി - തനത് വിഹിതം -വിനിയോഗം -സംബന്ധിച്ച് | 1- 23 |
| 31 | ഹെൽത്ത് ഗ്രാന്റ് വിനിയോഗ വിവരങ്ങൾ - അവലോകനം | 1- 24 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | വികസനഫണ്ട്, നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് എന്നിവയിൽ നിന്ന് ജീവനക്കാരുടെ ഐ.റ്റി.ആർ. റ്റി.ഡി.എസ് ഫയലിംഗിനായി തുക ചെലവഴിച്ചു | 3-1 |
| | **ഭാഗം 4** | |
| 1 | മെഡിസെപ് - വിവരശേഖരണം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്ജ്/ സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | **അനുബന്ധം** | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിയ്ക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 23.06.2025 ലെ 3)ാംനമ്പർ കമ്മറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 28.06.2025 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പാണ്ടനാട് ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2025 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പാണ്ടനാട് ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 ചെലവ് തുക തെറ്റായ ശീർഷകത്തിലുൾപ്പെടുത്തി

എം.ജി.എൻ.ആർ.ഇ.ജി.എസ്. അഡ്മിൻ ചെലവ് (18,33,846/-) മാത്രം I-14 (F)ൽ ഉൾപ്പെടുത്തേണ്ടതിന് പകരം നേരിട്ട് ചെലവഴിച്ച തുകയും (1,86,85,643/-) ടി ഹെഡ്ഢിലുൾപ്പെടുത്തി (20519489/-)യാണ് വാർഷികകണക്ക് തയ്യാറാക്കിയിട്ടുള്ളത്. എംജിഎൻആർഇജിഎസ് അഡ്മിൻ ചെലവും ഇഎഫ്എംഎസ് ചെലവും ഐഎൽജിഎംഎസിൽ 160100628 എന്ന ഹെഡ്ഢിൽ പ്രത്യേകം രേഖപ്പെടുത്തിയിട്ടുണ്ട് എന്നാണ് ഓഡിറ്റ് അന്വേഷണത്തിന് (നം.4/05.11.2025) മറുപടി നൽകിയത്. I-14 (F)ൽ അഡ്മിൻ ചെലവ് മാത്രം ഉൾപ്പെടുത്തി വാർഷികകണക്ക് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-1-2 ധനകാര്യകമ്മീഷൻ ഗ്രാന്റ് -ചെലവ് തുകയിൽ വ്യത്യാസം

ധനകാര്യകമ്മീഷൻ ഗ്രാന്റ് ആകെ ചെലവ് തുക (3368267/-) സുലേഖ ചെലവ് പത്രിക, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരമുള്ള ചെലവുമായി (3380224/-) പൊരുത്തപ്പെടുന്നില്ല. വ്യത്യാസത്തിന്റെ കാരണം വിശദീകരിച്ചില്ല.

### 1-1-3 ലോൺ തുക രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

ലോൺ ഇനത്തിൽ RP31 പ്രകാരമുള്ള വരവ് (4329817/-), ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B5 പ്രകാരം നീക്കിയിരുപ്പ് (6142186/-) എന്നിവ ലോൺ രജിസ്റ്റർ പ്രകാരമുള്ള വരവ് (4335996/-), നീക്കിയിരുപ്പ് (6148365/-) എന്നിവയുമായി പൊരുത്തപ്പെടുന്നില്ല. പലിശ ഇനത്തിൽ വരവ് വന്ന 6,179/-രൂപ RP 31 ലുൾപ്പെടുത്താതെ Other Interest

ഹെഡ്ഢിലുൾപ്പെടുത്തിയതാണ് വ്യത്യാസത്തിന് കാരണമായി അറിയിച്ചത്. 2025-26 സാമ്പത്തിക വർഷം വ്യത്യാസം പരിഹരിക്കുന്നതാണെന്നും മറുപടിയിൽ അറിയിച്ചു.

**1-1-4 നിക്ഷേപ പ്രവൃത്തിയുടെ തുക അഡ്വാൻസ് ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല**

നിക്ഷേപപ്രവൃത്തിക്കായി കെ.എസ്.ഇ.ബി.യിൽ ഡെപ്പോസിറ്റ് ചെയ്ത 46,078/- രൂപ ബാലൻസ്ഷീറ്റ് B18 ഷെഡ്യൂൾ, RP49 എന്നീ ഹെഡ്ഡുകളിലുൾപ്പെടുത്തിയിട്ടില്ല.

**1-1-5 ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല**

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മുഴുവൻ ആസ്തികളും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ ബാലൻസ് ഷീറ്റ് പ്രകാരം ആസ്തി ഹെഡ്ഢിലുൾപ്പെടുത്തിയ തുകയുടെ കൃത്യത വ്യക്തമല്ല. R-Track സോഫ്റ്റ്‌വെയർ ഉപയോഗിച്ച് റോഡുകളുടെ വിവരം കാലികമാക്കിയിട്ടുണ്ടെന്ന് മറുപടി നൽകി. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള എല്ലാ ആസ്തികളും ഉൾപ്പെടുത്തി ആസ്തിരജിസ്റ്റർ കാലികമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

**1-1-6 പ്രവർത്തനരഹിതമായ അക്കൌണ്ടിൽ നീക്കിയിരുപ്പ് രേഖപ്പെടുത്തി**

RP 40 (B) പ്രകാരം ജില്ലാസഹകരണ ബാങ്ക് അക്കൌണ്ട് (8),സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ (36986361129) എന്നീ അക്കൌണ്ടുകളിൽ യഥാക്രമം 266/-.4098/- രൂപ വീതം നീക്കിയിരുപ്പുണ്ട്. നീക്കിയിരുപ്പ് തുകയുടെ കൃത്യത വിശദമാക്കാനായി ടി അക്കൌണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മെന്റ് ,റികൺസിലേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ ലഭ്യമാക്കാനാവാശ്യപ്പെട്ടുവെങ്കിലും ആയത് ഹാജരാക്കിയില്ല. പ്രവർത്തനരഹിതമായ കറന്റ് അക്കൌണ്ടുകളാണിവയെന്നും യഥാർത്ഥത്തിൽ ടി അക്കൌണ്ടുകളിൽ നീക്കിയിരുപ്പില്ല എന്നും ഫ്രണ്ട് ഓഫീസിൽ ഓൺലൈൻ പേമെന്റ് ചെയ്തപ്പോൾ അക്കൌണ്ടുകൾ തെറ്റായി സെലക്ട് ചെയ്തതാണ് അപാകതക്ക് കാരണമെന്നും എസ്ബിഐ ഇ-പേമെന്റ് അക്കൌണ്ടിൽ തുക ക്രെഡിറ്റ് ആയിട്ടുണ്ടെന്നും ഓഡിറ്റ് അന്വേഷണത്തിന് (നം. 4/05.11.15) മറുപടി നൽകി. 11.07.24 (2710/-രൂപ), 23.07.24 (1388/-രൂപ), 14.02.25 (260/-രൂപ) തീയതികളിൽ വസ്തുനികുതി ഇനത്തിൽ ഇ പേമെന്റായി ലഭിച്ച തുകയാണ് അക്കൌണ്ടിൽ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നത്. ഐകെഎം മായി ബന്ധപ്പെട്ട് അപാകത പരിഹരിച്ച് മറുപടി ലഭ്യമാക്കുന്നതാണെന്നും അറിയിച്ചു.

**1-1-7 വാർഷിക ധനകാര്യ പത്രികക്കൊപ്പം എല്ലാ പത്രികകളും സമർപ്പിച്ചിട്ടില്ല**

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

**1-2 ബഡ്ജറ്റ്**

2024-25 വർഷത്തെ ബജറ്റ് ജനറൽ കമ്മറ്റിയുടെ 12.02.2024-ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. 17.03.2025-ലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം ബജറ്റ് പുതുക്കിയിട്ടുണ്ട്. പുതുക്കിയ ബജറ്റിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 14,60,24,196 | 14,09,17,871 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം & എക്സ്പെന്റീച്ചർ പത്രിക) | 9,96,95,329 | 9,62,52,691 |

**1-3 സാമ്പത്തിക വിശകലനം**

| | |
|---|---|
| മുന്നിരിപ്പ് | 81,96,291 |
| വരവ് | 3,23,03,312 |
| ആകെ | 4,04,99,603 |
| ചെലവ് | 2,72,08,199 |
| നീക്കിയിരിപ്പ് | 1,32,91,404 |

**1-4 ഗ്രാന്റ് വിനിയോഗം**

| ക്രമ നം. | ഫണ്ടിനം | മുൻബാക്കി | തൻ വർഷ വരവ് | ആകെ വരവ് (ACR) | ചെലവ് (ഉറവിടത്തിൽ നിന്നും കുറവ് ചെയ്തത് ഉൾപ്പെടെ) | നീക്കി ബാക്കി/ ലാപ്സായ തുക |
|---|---|---|---|---|---|---|
| 1 | വികസന ഫണ്ട്-പൊതുവിഭാഗം | 0 | 82,08,000 | 82,08,000 | 82,02,248 | 5,752 |
| 2 | വികസന ഫണ്ട്-എസ്.സി.പി | 0 | 51,34,000 | 51,34,000 | 51,33,307 | 693 |

| ക്രമ നം. | ഫണ്ടിനം | മുൻബാക്കി | തൻ വർഷ വരവ് | ആകെ വരവ് (ACR) | ചെലവ് (ഉറവിടത്തിൽ നിന്നും കുറവ് ചെയ്തത് ഉൾപ്പെടെ) | നീക്കി ബാക്കി/ ലാപ്സായ തുക |
|---|---|---|---|---|---|---|
| 3 | സംരക്ഷണ ഗ്രാന്റ്-റോഡ് | 0 | 1,27,31,000 | 1,27,31,000 | 1,02,69,601 | 24,61,399 |
| 4 | സംരക്ഷണ ഗ്രാന്റ്-നോൺ റോഡ് | 0 | 18,57,000 | 18,57,000 | 18,57,000 | 0 |
| 5 | പതിനഞ്ചാം ഹെൽത്ത് സെക്ടർ ഗ്രാന്റ് -സ്കീം -3 രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 8,221 | 2,67,311 | 2,75,532 | 0 | 2,75,532 |
| 6 | പതിനഞ്ചാം ഹെൽത്ത് സെക്ടർ ഗ്രാന്റ് -സ്കീം -4 ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾ | 3,806 | 4,49,718 | 4,53,524 | 1 | 4,53,523 |
| 7 | 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | | | | |
| | ടൈഡ്(ബാങ്ക്) | 27,54,484 | 31,69,000 | 59,23,484 | 22,30,073 | 36,93,411 |
| | ടൈഡ്(ട്രഷറി) | 0 | 1,20,980 | 1,20,980 | 1,10,971 | 10,009 |
| | അൺടൈഡ്(ബാങ്ക്) ബേസിക് ഗ്രാന്റ് | 8,26,718 | 15,06,469 (പലിശയുൾപ്പെടെ) | 23,33,187 | 10,27,223 | 13,05,964 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 186 | 8,25,73,297 | 137 | 3,75,53,481 | 20 | 29 | 73.6% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1,535 | 21,59,348 | *21,60,883 | *18,78,452 | 2,82,431 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 1,86,85,643 | 1,86,85,643 | 1,86,85,643 | 0 |
| മൂലധന ആസ്തിക്കായി ചെലവഴിച്ചത് | | 13,59,357 | 13,59,357 | 13,59,357 | |
| ആകെ | 1,535 | 2,22,04,348 | 2,22,05,883 | 2,19,23,452 | 2,82,431 |

*മിനി എംസിഎഫിനായി അനുവദിച്ചതിൽ വിനിയോഗസാക്ഷ്യപത്രപ്രകാരം തിരികെ ലഭിച്ച 35,872/-രൂപയും സോഷ്യൽ ഓഡിറ്റ്പ്രകാരം തിരികെ അടച്ച 8,734/- രൂപയുമുൾപ്പെടെ ലഭിച്ച 44,606/-രൂപ എം.ജി.എൻ.ആർ.ഇ.ജി.എസ്. അക്കൗണ്ടിൽ നിന്നും എൻ.ആർ.ഇ.ജി.എസ്. മിഷൻ ഡയറക്ടറുടെ ഫണ്ടിലേക്ക് ഒടുക്കിയിട്ടുണ്ട്. ടി 44,606/-രൂപ ഭരണചെലവുകളുടെ വരവ് ചെലവുകളിലുൾപ്പെടുത്തിയാണ് പട്ടിക തയ്യാറാക്കിയത്.

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 44,97,600 | 252 |
| വിധവാ പെൻഷൻ | 61,09,900 | 388 |

| | | |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 1,59,13,800 | 1003 |
| വികലാംഗ പെൻഷൻ | 22,54,200 | 143 |
| അവിവാഹിതപെൻഷൻ | 1,12,000 | 6 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.11.2025 തീയതിയിൽ 3:45 പി.എം ന് അധികൃതരുടെ സാന്നിദ്ധ്യത്തിൽ നടത്തി. പരിശോധനയിൽ 7,614/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പഞ്ചായത്തു കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കുന്നതിലെ പുരോഗതി വിലയിരുത്തപ്പെടുന്നില്ല. ഇതിലേക്കായി നിരീക്ഷണ രജിസ്റ്റർ പരിപാലിയ്ക്കുന്നില്ല.

2. നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിയും, ഫലപ്രാപ്തിയും യഥാസമയം വിലയിരുത്തപ്പെടുന്നില്ല. ഗ്രാമപഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം കാര്യക്ഷമമല്ല. പദ്ധതി മാർഗ്ഗരേഖ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകൾ നടത്തിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ട് ഫയലുകളിലൊന്നും തന്നെ മോണിട്ടറിംഗ് റിപ്പോർട്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല.

3. 24,61,399/- രൂപയുടെ മെയിന്റനൻസ് ഗ്രാന്റ് റോഡ് വിഹിതം ഗ്രാമ പഞ്ചായത്തിന് നഷ്ടപ്പെട്ടു.
4. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള രണ്ട് അൺ- എയ്ഡഡ് സ്കൂളുകളുടെ വസ്തുനികുതി നിർണ്ണയം നടത്തി നികുതി ഈടാക്കിയില്ല.

## 1- 10 അൺ- എയ്ഡഡ് സ്കൂളുകളുടെ വസ്തുനികുതി നിർണ്ണയം നടത്തി നികുതി ഈടാക്കിയില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് 207 ബി എ വകുപ്പ് പ്രകാരം ഹയർ സെക്കണ്ടറി തലം വരെയുള്ള അൺ എയ്ഡഡ് സ്കൂളുകൾ ഉൾപ്പെടെയുള്ള സർക്കാർ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അനുവദിച്ചുവന്നിരുന്ന വസ്തുനികുതിയിളവ് 01.04.2023 പ്രാബല്യത്തിൽ ഒഴിവാക്കിയിരുന്നു. സർക്കാരിന്റെ 28.03.2023 തീയതിയിലെ നമ്പർ 15 (2) ലെജി.എ 2/2023/ നിയമം ഉത്തരവ് (2023 ലെ 18-ാം ആക്ട്) 2023 ലെ കേരള ധനകാര്യ (2-ആം നമ്പർ ആക്ട്) എന്നിവ പ്രകാരം വസ്തു നികുതി ചുമത്തി ഈടാക്കേണ്ടതുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന താഴെ ചേർത്തിട്ടുള്ള അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും നാളിതുവരെയായും മേൽ സൂചിപ്പിച്ച സർക്കാർ ഉത്തരവ് പ്രകാരം തറ വിസ്തൃതിക്കനുസൃതമായി വസ്തുനികുതി ഈടാക്കിയിട്ടില്ലയെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.

| ക്രമ നം. | സ്കൂളുകളുടെ പേര് |
|---|---|
| 1 | എസ്.വി.ഇ.എം.പാണ്ടനാട് |
| 2 | MAM പാണ്ടനാട് |

പ്രസ്തുത സ്കൂളുകളെ സഞ്ചയയിൽ ഉൾപ്പെടുത്തി വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കിയതായി കാണുന്നില്ല. ഇതിനെ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കും (ഓഡിറ്റ് എൻക്വയറി 02/25, തീയതി: 04.11.2025) ഗ്രാമപഞ്ചായത്ത് അധികൃതർ മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വിഷയം ശ്രദ്ധയിൽപ്പെടുത്തി പ്രസ്തുത സ്ക്കൂളുകൾക്ക് നികുതി ഈടാക്കുന്നതിനുള്ള നോട്ടീസ് നൽകി മേൽ ചൂണ്ടിക്കാട്ടിയ സർക്കാർ ഉത്തരവിലെ പ്രാബല്യ തീയതി മുതലുള്ള വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1- 11 ഓഡിറ്റ് ഇംപാക്ട് - കുറവായി ഈടാക്കിയ തൊഴിൽ നികുതി ജീവനക്കാരിൽ നിന്ന് ഈടാക്കി

27.06.2024 തീയതിയിലെ സ.ഉ.(സാധാ)നം.1149/2024/എൽ.എസ്.ജി.ഡി.നമ്പർ ഉത്തരവ് പ്രകാരം 2024-25 സാമ്പത്തിക വർഷത്തെ രണ്ടാം അർദ്ധവർഷം മുതൽ പരിഷ്കരിച്ച സ്ലാബിനനുസൃതമായി പുതുക്കിയ നിരക്കിലാണ് തൊഴിൽ നികുതി ഈടാക്കേണ്ടത്. എന്നാൽ പഞ്ചായത്തിന്റെ തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററും വരുമാന പത്രികകളും പരിശോധിച്ചതിൽ രണ്ടാം അർദ്ധവർഷം പുതുക്കിയ നിരക്കിന് അനുസൃതമായി ചുവടെ ചേർക്കുന്ന ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിരുന്നില്ല. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ജീവനക്കാരന്റെ പേര് | സ്ഥാപനം | അർദ്ധവാർഷിക വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | രസീത് നം./ തീയതി | ഈടാക്കിയതിലെ കുറവ് |
|---|---|---|---|---|---|---|
| ലേഖനാ കുമാരി ജൂനിയർ ക്ലാർക്ക് | സർവ്വീസ് സഹകരണ ബാങ്ക്(എ-42), പാണ്ടനാട് | 60930 | 750 (45000-99999) | 600 | 1240402297/25 തീ.29.03.25 | 150 |
| മനോജ് കുമാർ അറ്റന്റർ | പിട്ടാപ്പള്ളിൽ ഏജൻസീസ്, | 63978 | 750 (45000-99999) | 600 | 1240402297/25. തീയതി 29.03.25 | 150 |

| | | | | | | |
|---|---|---|---|---|---|---|
| | ചെന്നിത്തല | | | | | |
| | | | | | ആകെ | 300 |

ഇതുമായി ബന്ധപ്പെട്ട് 04.11.2025 തീയതിയിൽ ഓഡിറ്റ് എൻക്വയറി 01/25 നൽകിയതിനെ തുടർന്ന് കുറവ് വന്ന തൊഴിൽ നികുതി ജീവനക്കാരിൽ നിന്ന് ഈടാക്കി (രസീത് നമ്പർ-25001316 തീയതി 11.11.2025) ഒടുക്കുവരുത്തി രേഖകൾ സഹിതം ഹാജരാക്കിയിട്ടുണ്ട്.

## 1- 12 വസ്തുനികുതി പരിഷ്ക്കരണം - പൂർത്തീകരിച്ചിട്ടില്ല

### (എ) ഫീൽഡ് തല സർവ്വേ വിവരശേഖരണം പൂർത്തിയാക്കിയിട്ടില്ല

തദ്ദേശ സ്വയംഭരണ വകുപ്പ് 22.03.2023 ലെ സ.ഉ.(കൈ) നം.77/2023 ൽ പുറപ്പെടുവിച്ചിരുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന എല്ലാ കെട്ടിടങ്ങളുടെയും വിസ്തൃതി ഉൾപ്പെടെയുള്ള പുതിയ വിശദാംശങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുന്നതിന് ഉത്തരവ് നൽകിയിരുന്നു. (മാർഗ്ഗനിർദ്ദേശങ്ങളിലെ ഖണ്ഡിക 6 മുതൽ 24 വരെയുള്ളവ കാണുക.)

ഗ്രാമപഞ്ചായത്തിൽ കെട്ടിടം പണിയുകയോ കെട്ടിടം പുതുക്കി പണിയുകയോ ചെയ്യുന്ന സംഗതിയിൽ, കെട്ടിടം താമസിക്കുന്നതിനോ മറ്റേതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിലേതാണോ നേരത്തെ സംഭവിക്കുന്നത് ആ തീയതി മുതൽ പതിനഞ്ച് ദിവസത്തിനകം കെട്ടിട ഉടമ സെക്രട്ടറിക്ക് അത് സംബന്ധിച്ച നോട്ടീസ് നൽകേണ്ടതുണ്ട്. മേൽപറഞ്ഞ വിവരങ്ങൾ നാളിതുവരെ അറിയിക്കാതിരുന്ന കെട്ടിട ഉടമകൾക്ക് 2023 മെയ് 15-നകം വിവരങ്ങൾ അറിയിക്കുന്ന പക്ഷം ചട്ടങ്ങൾ പ്രകാരമുള്ള പിഴകളിൽ നിന്ന് ഒഴിവാക്കിയിരുന്നു. ഉടമ അറിയിച്ചാലും ഇല്ലെങ്കിലും ഫീൽഡ് പരിശോധന നടത്തി വിവരങ്ങൾ ഡേറ്റാബേസിൽ ഉൾപ്പെടുത്തി 30.06.2023 നകം നികുതി പുനർനിർണ്ണയിക്കേണ്ടതിനും സർക്കാർ നിർദ്ദേശിച്ചിരുന്നു.

ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു

ആകെയുള്ള 13 വാർഡുകളിൽ 2 വാർഡു മാത്രം സർവ്വെ പൂർണ്ണമായും നടത്തിയിട്ടുണ്ടെന്നാണ് അധികൃതർ അറിയിച്ചത്. ഫീൽഡ് തലത്തിൽ എത്ര ഉദ്യോഗസ്ഥരെ ഇതിനായി നിയോഗിച്ചിരുന്നുവെന്നും എത്ര തുക ചെലവഴിച്ചുവെന്നും, പരിശോധന പൂർത്തിയാക്കിയ കെട്ടിടങ്ങളുടെ വിവരങ്ങൾ ഡേറ്റാ ബേസിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്നുമുള്ള വിശദാംശങ്ങൾ ആരാഞ്ഞുകൊണ്ട് 05.11.2025 തീയതിയിൽ ഓഡിറ്റ് എൻക്വയറി 05/25 നൽകിയിരുന്നുവെങ്കിലും അധികൃതർ മറുപടി ലഭ്യമാക്കിയില്ല.

ഇതിനായി ഐ.കെ.എം സജ്ജീകരണം ഏർപ്പെടുത്തിയില്ല. സർവ്വെ പൂർത്തീകരിക്കുന്നതിനും നികുതി ഡേറ്റാബേസ് അപ്ഡേറ്റ് ചെയ്യുന്നതിനും അടിയന്തിര നടപടികൾ ഉണ്ടാകേണ്ടതാണ്.

### (ബി) പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് അനിവാര്യം

വാർഷിക വാടകമൂല്യം അടിസ്ഥാനപ്പെടുത്തി വസ്തുനികുതി നിർണ്ണയിക്കപ്പെട്ടിരുന്ന പഴയ കെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരണം വർഷങ്ങളെടുത്താണ് പൂർത്തീകരിച്ചത്. 2013-ൽ ആരംഭിച്ച പരിഷ്കരണപ്രക്രിയ പൂർത്തീകരിക്കപ്പെട്ടോയെന്ന് നിലവിലും ഒരു എക്സ്റ്റേണൽ ഏജൻസിയോ ഓഡിറ്റ് വകുപ്പോ പരിശോധിച്ചുറപ്പാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തീകരണത്തിന് പഞ്ചായത്ത് ജീവനക്കാർക്കൊപ്പം കരാറടിസ്ഥാനത്തിൽ ജോലി ചെയ്തവരും ഉൾപ്പെട്ടിരുന്നു. ഡേറ്റാ എൻട്രിയിലേയും നികുതി പരിഷ്കരണത്തിലെയും നിരവധി പിഴവുകൾ തുടർന്നുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ മുഖാന്തിരം ചൂണ്ടി കാണിച്ചിട്ടുണ്ടെങ്കിലും അപാകങ്ങൾ നിലവിലും തുടരുന്ന സാഹചര്യമുണ്ട്. വസ്തുനികുതി നിർണ്ണയത്തിന് സ്വീകരിച്ച ഉപയോഗക്രമം കൃത്യമായാണോ ഉൾപ്പെടുത്തിയത്, വസ്തുനികുതി നിർണ്ണയത്തിന് സ്വീകരിച്ച റോഡുകളുടെ വിസ്തൃതി, മേഖല എന്നിവ ഓരോ നികുതി നിർണ്ണയത്തിനും ഡേറ്റാ എൻട്രി നടത്തിയപ്പോൾ കൃത്യമായി ഉൾപ്പെടുത്തിയോ, മേൽത്തരം തറ നിർമ്മിതിക്ക് ബാധകമാക്കേണ്ട വർദ്ധനവ് ഉൾപ്പെടുത്തിയിരുന്നോ തുടങ്ങിയ പരിശോധനകൾ നൂറുശതമാനം നടന്നിട്ടില്ല. നൂറുശതമാനം കൃത്യമാക്കാത്ത ഡേറ്റാ ബേസ് ആസ്പദമാക്കി നികുതി വീണ്ടും പരിഷ്കരിക്കേണ്ട സാഹചര്യം വസ്തുനികുതി നഷ്ടപ്പെടുത്തുന്ന സാഹചര്യമുണ്ടാക്കും. ഡേറ്റാ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കിയിട്ടുണ്ടോയെന്ന് പ്രത്യേകമായി നടത്തുന്ന പരിശോധനയിലൂടെ മാത്രമെ പരിശോധിച്ചുറപ്പാക്കാനാകൂ.

വസ്തുനികുതി നിർണ്ണയത്തിന് ശേഷമുള്ള പരിശോധനകൾ (പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ്) നടത്തുന്നില്ല. കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 21 പ്രകാരം രണ്ട് നിലവരെയുള്ള താമസ കെട്ടിടങ്ങളും 50 ച.മീറ്റർ വരെയുള്ള വാണിജ്യ കെട്ടിടങ്ങളും മതപരമായ കെട്ടിടങ്ങളും ഒഴികെയുള്ള എല്ലാ കെട്ടിടങ്ങൾക്കും ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള പരിശോധനകളൊന്നും തന്നെ നടത്തപ്പെടുന്നതായോ അനധികൃത നിർമ്മാണങ്ങളെയും വസ്തുനികുതി നിർണ്ണയത്തിന് ശേഷം സ്വയമോ അല്ലാതെയോ സംഭവിക്കുന്നതും വസ്തുനികുതി വർദ്ധനവിന് കാരണമായേക്കാവുന്നതുമായ അധിക സൌകര്യങ്ങളെ തിരിച്ചറിയാതെ പോകുന്നതിനിടയാക്കുന്നുണ്ട്. ഫീൽഡ്തല പരിശോധന നടത്തി വസ്തുനികുതി നിർണ്ണയത്തിന്റെയും പരിഷ്കരണത്തിന്റെയും ഡേറ്റാപ്യൂരിഫിക്കേഷൻ നടത്താൻ അധികൃതർ ശ്രദ്ധിക്കേണ്ടതാണ്. മേൽപ്പറഞ്ഞവ നിലവിൽ പൂർത്തിയാക്കി ഡേറ്റാബേസ് അപ്ഡേറ്റ് ചെയ്യാത്തത് ഗ്രാമപഞ്ചായത്തിന്റെ തനതുവരുമാന ചോർച്ചക്ക് കാരണമാകുന്നു. പഞ്ചായത്ത് ഭരണസമിതിയുടെ അടിയന്തര ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു. വാർഡുകളുടെ വിവരശേഖരണം പൂർത്തീകരിച്ച് വസ്തുനികുതി പരിഷ്കരിച്ച് വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1- 13 കട്ടിൽ വാങ്ങൽ-അർഹതാ മാനദണ്ഡങ്ങൾ പാലിച്ചില്ല

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പാക്കിയ വയോജനങ്ങൾക്ക് കട്ടിൽ വിതരണം എന്ന പ്രോജക്ടിലുൾപ്പെടുത്തി ഗ്രാമപഞ്ചായത്തിലെ 60 വയസ്സ് കഴിഞ്ഞ ജനറൽ/എസ്.സി.

വിഭാഗത്തിൽപ്പെട്ട വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകുകയുണ്ടായി പ്രോജക്ടിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

പ്രോജക്ട് നം - എസ്.0049/25 (എസ്.സി.പി)

ചെലവ്-1,67,697/-(വികസന ഫണ്ട്)

BRN-24070252012001583502/18.03.25 -1,67,697/-

ഇൻവോയിസ് നം -02/14.02.25-1,03,198

(സിഡ്കോ സ്ട്രോ ബോർഡ് ഫാക്ടറി,പരുമല)

ഇൻവോയിസ് നം -93/17.03.25-64,499

പ്രോജക്ടിലുൾപ്പെടുത്തി സിഡ്കോയിൽ നിന്നും 39 കട്ടിലുകൾ കട്ടിലൊന്നിന് 4299.92 (18% ജി.എസ്.ടി ഉൾപ്പടെ)രൂപ നിരക്കിൽ വാങ്ങി നൽകുകയുണ്ടായി.

പ്രോജക്ടിലുൾപ്പെടുത്തി കട്ടിൽ നൽകിയ ഒരു ഗുണഭോക്താവ് ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. കൂടാതെ 3 ഗുണഭോക്താക്കൾ തങ്ങൾ എസ്.സി വിഭാഗത്തിൽ പെട്ടതാണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. വിശദവിവരങ്ങൾ ചുവടെ.

| ഗുണഭോക്താവിന്റെ വിവരങ്ങൾ | അപാകത |
|---|---|
| ചിന്നമ്മ, വഴിത്തറയിൽ<br>വാർഡ് നം -2 | എസ്.സി വിഭാഗത്തിലാണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല |
| സുമതി, കളത്രയിൽ<br>വാർഡ് നം -2 | എസ്.സി വിഭാഗത്തിലാണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല |
| മണിയമ്മ കൃഷ്ണദാസ്, കീമേലി മാലിയിൽ വാർഡ് നം -9 | എസ്.സി വിഭാഗത്തിലാണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല |
| ഒ.ടി.വിശ്വംഭരൻ ഓണത്താരത്തിൽ, വാർഡ് നം -13 | ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല |

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 3, 3എ, 3ബി പ്രകാരം ഗ്രാമസഭയുടെ അധികാരങ്ങളും അവകാശങ്ങളും സെക്ഷൻ3എ (സി) പ്രകാരം ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയുള്ള പദ്ധതികളിൽ നിശ്ചയിക്കപ്പെട്ട മാനദണ്ഡമനുസരിച്ച് മുൻഗണനാക്രമത്തിൽ അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമമായി തയ്യാറാക്കി പഞ്ചായത്തിന് നൽകുക എന്നതാണ്. മാത്രമല്ല സെക്ഷൻ 3(9) പ്രകാരം അപേക്ഷകരുടെ കരട് മുൻഗണനാ ലിസ്റ്റ് അപേക്ഷകരെ കൂടി ക്ഷണിച്ചുകൊണ്ടുള്ള യോഗത്തിൽ വെച്ച് ഗ്രാമസഭ സൂക്ഷ്മ പരിശോധന നടത്തേണ്ടതും, മുൻഗണനാക്രമത്തിൽ അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമമായി തയ്യാറാക്കി ഗ്രാമപഞ്ചായത്തിന്റെ അംഗീകാരത്തിന് അയയ്ക്കേണ്ടതുമാണ്. ഇങ്ങനെ അന്തിമമായി തയ്യാറാക്കി നൽകുന്ന ലിസ്റ്റിൽ മാറ്റം വരുത്തിയിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ചും, മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.3/07.11.25 ന് ലഭ്യമാക്കിയ മറുപടിയിൽ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തയാളെ അടുത്ത ഗ്രാമസഭയിൽ ഹാജരാക്കി അംഗീകാരം വാങ്ങുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ അപാകതകളാൽ കട്ടിൽ വാങ്ങുന്നതിനായി ചെലവഴിച്ച 17,200/- രൂപ യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1- 14 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - നിർമ്മാണം പൂർത്തീകരിച്ചില്ല

പ്രോജക്ട് നം -S0065/25

പ്രോജക്ടിന്റെ പേര്- പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി

അടങ്കൽ തുക -6,00,000(എസ്.സി.പി,)

ചെലവഴിച്ച തുക-5,00,000/-

നിർവ്വഹണം – വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ

പ്രോജക്ടിലുൾപ്പെടുത്തി പഠനമുറി നിർമ്മിക്കുന്നതിന് ആനുകൂല്യം നൽകിയ ചുവടെ ചേർത്തിട്ടുള്ള ഗുണഭോക്താവ് പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ഗുണഭോക്താവിന്റെ പേര്/ മേൽവിലാസം | നൽകിയ തുക |
|---|---|
| ഓമന തകിടിയിൽ പുത്തൻവീട്ടിൽ, വാർഡ് 13 | 40000/-BRN 24070252011901319571/13-02-25<br>60000/-TRN 240702000000019391/11-03-25 |

മേൽ ഗുണഭോക്താവ് പഠനമുറി പൂർത്തീകരിയ്ക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.12/06.11.25 ന് എയിംസിലൂടെ നൽകിയ മറുപടിയിൽ ടി ഗുണഭോക്താവിന്റെ പഠനമുറി നിർമ്മാണം ലിന്റൽ വരെ പൂർത്തിയായിട്ടുണ്ടെന്നും പൂർത്തീകരിക്കുന്ന മുറയ്ക്ക് രണ്ട് ഘട്ടങ്ങളിലായി ബാക്കി തുക നല്കുന്നതാണെന്നുമാണ് അറിയിച്ചിട്ടുള്ളത്. പഠനമുറി പൂർത്തിയാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കുന്നത് വരെയും ടി പ്രോജക്ടിന് വേണ്ടി ചെലവഴിച്ച 1,00,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1- 15 പാലിയേറ്റീവ് പരിചരണം - ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല**

പാലിയേറ്റീവ് പരിചരണങ്ങളുടെ പദ്ധതി പ്രവർത്തനങ്ങൾക്കായി 2024-25 സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) നിർവ്വഹണോദ്യോഗസ്ഥനായി വികസനഫണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര്, നമ്പർ | പാലിയേറ്റീവ് പരിചരണം. 99/2025 |
| ഫണ്ടിനം | വികസനഫണ്ട്(ജനറൽ) |
| വകയിരുത്തൽ | 122630 |
| ചെലവ് | 122630 |
| ബിൽ നമ്പർ, തീയതി | BRN-240702520122011019828 തീയതി 12.12.2024 |

1,22,630/- രൂപയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനായി 06.11.2025 തീയതിയിൽ ഓഡിറ്റ് എൻക്വയറി നം- 14/25 നൽകിയെങ്കിലും രേഖകൾ ലഭ്യമാക്കിയില്ല. രേഖകൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ 1,22,630/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1- 16 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ -മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല**

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | |
| പ്രോജക്ട് നം. | S0158/25 -സ്പിൽഓവർ | |
| പ്രോജക്ടിന്റെ പേര് | ഗവ.ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ | |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ്) | |
| അടങ്കൽ | 2,81,299/- | |
| ചെലവ് | 28,12,99/- | |
| ബിൽ നം., തീയതി | 1,50,000/- | RBI2512486068604/06.09.24 |
| | 1,31,299/- | RBI0192567497856/18.01.25 |

ഹോമിയോ ഡിസ്പെൻസറിക്ക് ആവശ്യമായ മരുന്നുകൾ വാങ്ങുന്നതിനായി 2,81,299/-രൂപ ഹോംകോയ്ക്ക് നൽകിയിട്ടുണ്ട് . ഫയൽ പരിശോധിച്ചതിൽ, 2,13,466/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചത്. ബാക്കി തുകക്കുള്ള (67833/-) മരുന്നുകൾ ലഭിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.18/07.11.2025) മറുപടി ലഭ്യമാക്കിയില്ല. മരുന്നുകൾ ലഭ്യമാകുന്ന മുറക്ക് സ്റ്റോക്കിൽ ചേർത്ത് വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

**1- 17 സംരക്ഷണഗ്രാന്റ് വിനിയോഗിക്കാതെ നഷ്ടപ്പെടുത്തി**

ഗ്രാമ പഞ്ചായത്തിന് റോഡ് സംരക്ഷണ ഗ്രാന്റിനത്തിൽ മൂന്ന് ഇൻസ്റ്റാൾമെന്റുകളിലായി 1,27,31,000/-രൂപ ലഭിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഇൻസ്റ്റാൾമെന്റ് നം. | അലോട്ട്മെന്റ് നം. | തുക |
|---|---|---|
| 1 | ജിഒ (ആർ.റ്റി.)നം.3370/ 2024/ ധന.15.04.24 | 42,44,000 |
| 2 | ജിഒ (ആർ.റ്റി.)നം.6203/ 2024/ധന.13.08.24 | 42,44,000 |
| 3 | ജിഒ (ആർ.റ്റി.)നം.8861/ 2024/ധന.30.11.24 | 42,43,000 |

ആകെ ലഭിച്ച 1,27,31,000/-രൂപയിൽ 1,02,69,601/-രൂപ മാത്രമാണ് 2024-25 വർഷം വിനിയോഗിക്കാനായത്. 24,61,399/- രൂപയുടെ ഗ്രാന്റ് ഉപയോഗിക്കാതിരുന്നതിനാൽ പഞ്ചായത്തിന് നഷ്ടപ്പെട്ടു. അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 1,49,68,692/-രൂപ വകയിരുത്തി പദ്ധതികളാവിഷ്കരിച്ചുവെങ്കിലും ആയതിന്റെ 68% മാത്രമാണ് ചെലവഴിച്ചത്. സംരക്ഷണ ഗ്രാന്റിൽ നിന്ന് ഇത്രവലിയ തുക നഷ്ടമായതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.19/10.11.2025) മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്ത് പ്രദേശത്തെ ജനങ്ങൾക്ക് പശ്ചാത്തലമേഖലയിൽ പ്രയോജനപ്രദമായ പദ്ധതികളാവിഷ്കരിക്കുവാനായി സർക്കാർ ലഭ്യമാക്കുന്ന

പണം ഇപ്രകാരം ചെലവഴിക്കാതെ പാഴാക്കി കളയുന്നത് ക്രമപ്രകാരമല്ല. സർക്കാർ ഫണ്ടിന്റെ ഫലപ്രദമായ വിനിയോഗം ഉറപ്പാക്കാനാകും വിധം തുക വകയിരുത്തി പദ്ധതികളാവിഷ്ക്കരിച്ച് തുക ചെലവഴിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

**1- 18 തുക തിരികെ ഒടുക്കിയിട്ടില്ല - ബാധ്യത തുടരുന്നു**

ബാലൻസ് ഷീറ്റ് B9 ഷെഡ്യൂളിലുൾപ്പെട്ട ചുവടെ ചേർക്കുന്ന തുകകൾ തിരികെ ഒടുക്കാതെ ബാധ്യതയായി നിലനിർത്തിയിരിക്കുന്നു.

| Code | Head | Amount |
|---|---|---|
| 350300111 | Floodcess | 450 |
| 350300112 | Value Of Court Fee Stamp | 1,155 |
| 350300199 | Government And Other Dues Payable -Others | 1,525 |
| 350400201 | Refunds Payable-Water Charges | 57,427 |
| 350400999 | Refund Of Unutilised Grant-Prior Period | 4,08,857 |

പട്ടിക പ്രകാരമുള്ള തുകകൾ സർക്കാരിലേക്ക് അടവാക്കേണ്ടതാണെന്നും ഫണ്ടിന്റെ അപര്യാപ്തത കാരണമാണ് തുക തിരികെ ഒടുക്കാത്തതെന്നും ഓഡിറ്റ് അന്വേഷണത്തിന് (നം.4/05.11.25) മറുപടി നൽകി. വാർഷിക കണക്ക് പ്രകാരം ബാധ്യതയായി ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത പരിശോധിച്ച് തുക ബന്ധപ്പെട്ട ഹെഡ്ഡുകളിൽ തിരികെ ഒടുക്കി രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

**1- 19 എം.സി.എഫിന് അധിക സൌകര്യം ഒരുക്കൽ - മൂല്യനിർണ്ണയം നടത്താതെ തുക അനുവദിച്ചു**

പ്രോജക്ട് നം -117/25

അടങ്കൽ - 200000 കേന്ദ്രാവിഷ്കൃത ഫണ്ട് + 250000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം

ചെലവ് - സാങ്ഷൻ ഓർഡർ നം. 527/25.3.25 – 2,28,660/-

നിർവ്വഹണം – സെക്രട്ടറി

ഗ്രാമപഞ്ചായത്തിൽ നിർമ്മിച്ചിട്ടുള്ള എം.സി.എഫിൽ അധിക സൌകര്യം ഒരുക്കുന്നതിനായി ആവിഷ്ക്കരിച്ച പ്രോജക്ടിലുൾപ്പെടുത്തി സി.സി.റ്റി.വി. ക്യാമറ, ഫർണ്ണീച്ചറുകൾ, പെഡസ്റ്റൽ ഫാൻ എന്നിവ അന്ട്രികോം സിസ്റ്റംസ്, ഇട്ടിയപ്പാറ, റാന്നിയിൽ നിന്ന് ജെം വഴി വാങ്ങിയിട്ടുണ്ട്.

സി.സി.റ്റി.വിയുടെ സ്ഥാപനവുമായി ബന്ധപ്പെട്ട് സി.പി.പ്ലസ്സ് 8 ചാനൽ NVR/DVR വിത്ത് ഫുൾ കിറ്റ് അസ്സസെറീസ് (32 ഇഞ്ച് LED റ്റി.വി. - 1 എണ്ണം - 29300/- ) , സി.പി.പ്ലസ്സ് 2MP IP ക്യാമറ (4 എണ്ണം - 23112/-) , സി.പി.പ്ലസ്സ് ഗ്രേ CAT 6 U/UTP കേബിൾ ഫോർ ഇൻഡോർ യൂസ് ( 350 മീറ്റർ - 23397.04/-) ലേയിംഗ് & പൈപ്പിംഗ് വിത്ത് ലേബർ ചാർജ്ജ് (18948.96/-) എന്നിവയ്ക്കായി 94,758/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ക്ഷമതയുള്ള ഉദ്യോഗസ്ഥനിൽ നിന്ന് എസ്റ്റിമേറ്റ്, വാല്യുവേഷൻ എന്നിവ വാങ്ങാതെയാണ് സി.സി.റ്റി.വി. സ്ഥാപിച്ചത്. മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (11/6.11.25) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ ചെങ്ങന്നൂർ ഗവ.ഐ.റ്റി.ഐ.യിലെ ഇലക്ട്രോണിക്സ് ഡിപ്പാർട്ട്മെന്റിലെ ഉദ്യോഗസ്ഥൻ മൂല്യനിർണ്ണയം നടത്തിയതിന് ശേഷമാണ് തുക അനുവദിച്ചതെങ്കിലും മൂല്യനിർണ്ണയ സാക്ഷ്യപത്രം വാങ്ങി സൂക്ഷിക്കുന്നതിൽ അപാകത സംഭവിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കി. മൂല്യനിർണ്ണയ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിക്കേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായതിൽ ഈ മറുപടി അംഗീകരിക്കുന്നില്ല. മൂല്യനിർണ്ണയ സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ 94,758/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1- 20 വരൾച്ച ദുരിതാശ്വാസം - കുടിവെള്ളവിതരണം - പഞ്ചായത്തിന് ലഭിക്കേണ്ട അളവിലുള്ള ജലം ലഭിച്ചില്ല**

പ്രോജക്ട് നം. SO24/25 ന്യൂ

അടങ്കൽ - 10,02,000/- (വികസനഫണ്ട് സാധാരണവിഹിതം)

ചെലവ് - BRN 24070252015501108796/ 30.12.24 – 10,02,000/-

നിർവ്വഹണം – സെക്രട്ടറി

പ്രോജക്ടിലുൾപ്പെടുത്തി കുടിവെള്ളവിതരണം നടത്തിയതിന് 10,02,000/- രൂപ ജോൺസ് മാത്യൂ, കൊച്ചുകാട്ടിൽ കോട്ടേജ്, എണ്ണക്കാട് എന്നയാൾക്ക് ( 10626.4 Km X 95) നൽകിയിട്ടുണ്ട്. ഡെപ്യൂട്ടി കളക്ടറുടെ (പി.എം) 21.2.24 ലെ DMC -366/2024 നമ്പർ ഉത്തരവ് പ്രകാരം 5000 L ഉൾകൊള്ളുന്ന വാഹനത്തിൽ ജലവിതരണം നടത്തുന്നതിന് കിലോമീറ്ററിന് 95/- രൂപ അനുവദിക്കാം. ടിയാൻ ജലവിതരണം നടത്തിയ KL 55H 5175 നമ്പർ വാഹനത്തിന്റെ (Tata – Sfc- 407 -31 മോഡൽ) പേ ലോഡ് കപ്പാസിറ്റി രജിസ്ട്രേഷൻ രേഖകൾ പ്രകാരം 3095 ആണ്. പേ ലോഡ് കപ്പാസിറ്റി 3095 മാത്രമുള്ള വാഹനത്തിന് 5000 L ഉൾകൊള്ളുന്ന വാഹനത്തിൽ ജലവിതരണം നടത്തുന്നതിന് അനുവദിക്കാവുന്ന നിരക്കായ കിലോമീറ്ററിന് 95/- രൂപ അനുവദിച്ചത് വഴി ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്ന് അധിക ചെലവ് ഉണ്ടായിട്ടുണ്ടെന്ന് മാത്രമല്ല ഗ്രാമപഞ്ചായത്തിന് അർഹമായ അളവിലുള്ള ജലം ലഭിയ്ക്കാത്ത സാഹചര്യവും ഉണ്ടായി. വാട്ടർ അതോറിറ്റി ഡബ്യൂ.എസ്.പി. മാവേലിക്കര ഡിവിഷനിൽ നിന്ന് 21.6.24 ൽ AB/1183/2021/MVK നമ്പരായി ലഭിച്ച കത്ത് പ്രകാരം 1635 ട്രിപ്പുകളാണ് നടത്തിയിട്ടുള്ളത്. 1635 ട്രിപ്പുകളിലായി 5000L വെച്ച് 8175000 ലിറ്റർ ജലം ലഭിയ്ക്കേണ്ട സ്ഥാനത്ത് 5060325 ലിറ്റർ ജലം മാത്രമാണ് ലഭിച്ചത്. വരൾച്ചാ ദുരിതം അനുഭവിക്കുന്ന ഗ്രാമപഞ്ചായത്തിന് ലഭിയ്ക്കേണ്ട 3114675 ലിറ്റർ ജലം ലഭിച്ചില്ല.

ജലവിതരണം നടത്തുന്ന വാഹനങ്ങൾക്ക് അനുവദിക്കാവുന്ന തുക സംബന്ധിച്ച ഡെപ്യൂട്ടി കളക്ടറുടെ (പി.എം) 21.2.24 ലെ DMC -366/2024 നമ്പർ ഉത്തരവിൽ 5000, 10000 ലിറ്റർ ജലം ഉൾകൊള്ളാവുന്ന വാഹനങ്ങൾക്ക്

അനവദിക്കാവുന്ന നിരക്ക് മാത്രം ഉൾപ്പെടുന്നതിനാൽ ഈയിനത്തിലുണ്ടായ നഷ്ടം നിജപ്പെടുത്താൻ സാധിച്ചിട്ടില്ല. മേൽ അപാകതകളാൽ പ്രോജക്ടിനായി ചെലവഴിച്ച 10,02,000/- രൂപ തടസ്സപ്പെടുത്തുന്നു. അപാകതകൾക്ക് വിശദീകരണം ആരാഞ്ഞ് ഓഡിറ്റ് അന്വേഷണം – 22/11.11.2025 നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല.

## 1- 21 തെരുവ് വിളക്ക് എ.എം.സി. ടെൻഡർ പരസ്യത്തിൽ ആവശ്യമായ വിശദാംശങ്ങൾ ഉൾപ്പെടുത്തിയില്ല

| പ്രോജക്ട് നമ്പർ | SO85/25 സ്പിൽ ഓവർ | SO33/25 ന്യൂ |
|---|---|---|
| പ്രോജക്ടിന്റെ പേര് | തെരുവ് വിളക്ക് അറ്റകുറ്റപ്പണി - എഎം.സി. | തെരുവ് വിളക്ക് അറ്റകുറ്റപ്പണി - എഎം.സി. |
| അടങ്കൽ | 206456 | 490000 |
| ഫണ്ടിനം | വികസനഫണ്ട് - പൊതുവിഭാഗം | വികസനഫണ്ട് - പൊതുവിഭാഗം |
| ചെലവ് | BRN 2407025201550016751 4 / 16.5.24-206456/- | BRN 24070252015501539291 /14.3.25 -244673/- |
| നിർവ്വഹണം | സെക്രട്ടറി | സെക്രട്ടറി |

1.SO85/25 സ്പിൽ ഓവർ പ്രോജക്ടിന്റെ ഭാഗമായി 2023 ഫെബ്രുവരി 22 നും SO33/25 ന്യൂ പ്രോജക്ടിന്റെ ഭാഗമായി 24.6.24 നും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും ശ്രീ.അനസ് എസ്. ന്യൂടെക് അസോസിയേറ്റ്സ്, കൊല്ലം എന്നയാളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇത് പ്രകാരം കരാർ തീയതി മുതൽ ഒരു വർഷത്തേക്ക് തെരുവ് വിളക്കുകളുടെ റിപ്പയറിംഗും മെയിന്റനൻസും ചെയ്യേണ്ടതുണ്ട്.
SO33/25 പ്രോജക്ടിന്റെ ഭാഗമായി എർപ്പെട്ട കരാറിന്റെ 3-ാം നമ്പർ നിബന്ധന പ്രകാരം 13 വാർഡിലും അറ്റകുറ്റപ്പണി നടത്തിയെന്ന് മോണിട്ടറിംഗ് റിപ്പോർട്ട് ലഭിച്ചാൽ കരാർ തുകയുടെ 1/4 വരുന്ന തുക സെപ്റ്റംബർ 30 നകം നൽകുന്നതാണ്. എന്നാൽ പ്രവർത്തിയുടെ കരാർ തുക കണക്കാക്കിയതിന്റെ വിശദാംശം ലഭ്യമല്ല.
രണ്ട് പ്രോജക്ടിന്റേയും ടെൻഡർ പരസ്യങ്ങളിൽ എത്ര വാട്ടിന്റെ ബൾബുകളാണ് സ്ഥാപിയേക്കണ്ടതെന്നത് സംബന്ധിച്ച വിശദാംശങ്ങൾ ഉൾപ്പെടുത്തി കാണുന്നില്ല. കൂടാതെ മെമ്പറൻമാർ നൽകുന്ന സാക്ഷ്യപത്രങ്ങളിൽ തങ്ങളുടെ വാർഡിലെ എത്ര പോസ്റ്റുകളിൽ അറ്റകുറ്റപ്പണി നടത്തിയെന്നതിന്റെ എണ്ണം ഉൾപ്പെടുത്തുന്നില്ല. ഇപ്രകാരം എത്രയെണ്ണം പോസ്റ്റുകളിൽ അറ്റകുറ്റപ്പണി നടത്തിയെന്നതിന്റെ എണ്ണം ഇല്ലാതെ കരാറുകാരന് തുക അനുവദിച്ചത് ക്രമപ്രകാരമല്ല. അപാകത സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം 20/10.11.25 നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. ഭാവിയിൽ തെരുവ് വിളക്ക് റിപ്പയറിംഗ് പ്രോജക്ടുകൾ നടപ്പാക്കുമ്പോൾ മേൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിയേക്കണ്ടതാണ്.

## 1- 22 വികസനഫണ്ട്, നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് എന്നിവയിൽ നിന്ന് ജീവനക്കാരുടെ ഐ.റ്റി.ആർ. റ്റി.ഡി.എസ് ഫയലിംഗിനായി തുക ചെലവഴിച്ചു

ഗ്രാമപഞ്ചായത്തിലെ ഗവ.ആയുർവേദ ഡിസ്‌പെൻസറി ജീവനക്കാരുടെ ഐ.റ്റി.ആർ. റ്റി.ഡി.എസ് ഫയലിംഗ് നത്തുന്നതിനായി വികസനഫണ്ടിൽ തുക ചെലവഴിച്ചതായി കാണുന്നു. ആയുർവേദ ഡിസ്‌പെൻസറിയിലെ ആവർത്തനചെലവുകൾക്ക് അനുവദിച്ച പദ്ധതി തുകയിൽ നിന്നാണ് ഫയലിംഗ് തുകകൾക്ക് പണം ചെലവഴിച്ചത്. പദ്ധതി വിശദാംശം ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|---|
| ആയുർവേദ ആശുപത്രിയിലെ ആവർത്തന ചെലവുകൾ | വികസനഫണ്ട് | 5,000 | 2,675 |
| | മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 1,633 | 1,552 |

പ്രസ്തുത പദ്ധതി ചെലവിൽ ഉൾപ്പെടുത്തിയാണ് ജീവനക്കാരുടെ ആദായനികുതി ഫയൽ ചെയ്തിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| **റ്റി.ഡി.എസ്. ക്വാർട്ടർ** | **തുക** | **ബിൽ നമ്പർ/ചെക്ക് നമ്പർ, തീയതി** | **ഫണ്ടിനം** |
|---|---|---|---|
| ഇ.റ്റി.ഡി.എസ് ക്വാർട്ടർ 2,3 (23-24) | 1220 | BRN.24070252011800139934-09.05.24 | വികസനഫണ്ട് |
| ഇ.റ്റി.ഡി.എസ് ക്വാർട്ടർ 4 (23-24) | 610 | BRN.24070252011800139934-09.05.24 | മെയിന്റനൻസ് ഗ്രാന്റ് നോൺ-റോഡ് |
| ഇ.റ്റി.ഡി.എസ് ഫയലിംഗ് | 610 | ചെക്ക് നമ്പർ 72003041-23.07.24 | മെയിന്റനൻസ് ഗ്രാന്റ് നോൺ- |

| | | | | |
|---|---|---|---|---|
| ആന്റ് അപ് ലോഡിംഗ് (23-24) | | | റോഡ് |
| **ആകെ** | **2440** | | |

ഇൻഫോ ടാക്സ് എന്റർപ്രൈസസ്, തിരുവല്ല എന്ന സ്ഥാപനത്തിനാണ് റിട്ടേൺ ഫയൽ നൽകുന്നതിനായി തുക കൈമാറിയത്. ഗവൺമെന്റ് ജീവനക്കാരന്റെ വ്യക്തിഗത ഐ.റ്റി.ആർ. റ്റി.ഡി.എസ്. ഫയൽ ചെയ്യുന്നതിനുള്ള ഫീസ്, ഫയൽ ചെയ്യുന്ന വ്യക്തിയുടെ സ്വകാര്യ ബാധ്യത ആയതിനാൽ ഗവൺമെന്റ് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നത് ക്രമവിരുദ്ധമാണ്. പ്രസ്തുത ചെലവുമായി ബന്ധപ്പെട്ട് വിശദീകരണം ലഭ്യമാക്കുവാൻ 06.11.2025 തീയതിയിൽ ഓഡിറ്റ് എൻക്വയറി (നമ്പർ - 17/2024-25) യിലൂടെ ആവശ്യപ്പെട്ടിരുന്നു. ലഭിച്ച മറുപടി അംഗീകരിക്കാൻ കഴിയില്ല. ഐ.റ്റി.ആർ. റ്റി.ഡി.എസ്. ഫയൽ ചെയ്യതിനായി ആകെ ചെലവഴിച്ച തുകയായ 2,440/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

## 1- 23 ജലജീവൻ പദ്ധതി - തനത് വിഹിതം -വിനിയോഗം -സംബന്ധിച്ച്

ഇന്ത്യയിലെ എല്ലാ ഗ്രാമീണ വീടുകളിലും രണ്ടായിരത്തിഇരുപത്തിനാലോടെ വ്യക്തിഗത ഗാർഹിക ടാപ്പ് കണക്ഷനുകളിലൂടെ സുരക്ഷിതവും മതിയായതുമായ കുടിവെള്ളം എത്തിക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്രസർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് ജലജീവൻ പദ്ധതി. ജലസംരക്ഷണം, മഴവെള്ള സംഭരണം, പുനരുപയോഗം തുടങ്ങിയ കാര്യങ്ങൾക്ക് പ്രാധാന്യം നൽകി കമ്മ്യൂണിറ്റി പങ്കാളിത്തത്തോടെയുള്ള ജലപരിപാലനമാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. കേരളത്തിൽ വാട്ടർ അതോറിറ്റി നടപ്പാക്കുന്ന ജലജീവൻ പദ്ധതിയിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ വിഹിതം 15% ഉം, ഗുണഭോക്തൃ വിഹിതം 10% ഉം ആണ്. പഞ്ചായത്ത് വിഹിതവും, ഗുണഭോക്തൃ വിഹിതവും കണ്ടെത്തുവാൻ കഴിയാതെ വരുന്ന പഞ്ചായത്തുകൾക്ക് എംഎൽഎ മാരുടെ ആസ്തി വികസന ഫണ്ടിൽ നിന്നും തുക ചെലവഴിക്കുവാൻ സ.ഉ (സാധാ.)നം.4584/2020/ ധനം,തീയതി-10.08.2020 പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്.
എന്നാൽ ഗ്രാമപഞ്ചായത്ത് വിഹിതം, ഗുണഭോക്തൃ വിഹിതം എന്നിവ വകയിരുത്തി പ്രോജക്ടുകളൊന്നും ഗ്രാമപഞ്ചായത്തിൽ ആവിഷ്കരിച്ചിട്ടില്ല എന്നാണ് ജലജീവൻ പദ്ധതിയുടെ നിർവ്വഹണം സംബന്ധിച്ച വിവരങ്ങൾക്ക് ലഭ്യമാക്കിയ മറുപടിയിൽ അറിയിച്ചത്. പഞ്ചായത്ത് പ്രദേശത്തെ എത്രത്തോളം കുടുംബങ്ങൾക്ക് ജലജീവൻ പദ്ധതിയുടെ ഭാഗമായി നാളിതുവരെ ഗാർഹിക കണക്ഷൻ ലഭ്യമായിട്ടുണ്ട് എന്നതിന്റെ വിവരവും ലഭ്യമല്ല.
കേന്ദ്രസംസ്ഥാനസർക്കാർ പങ്കാളിത്തത്തോടെ തദ്ദേശസ്ഥാപനങ്ങൾ മുഖാന്തിരം നടപ്പാക്കുന്ന ജലജീവൻപദ്ധതിയിൽ ഭാഗമായി ലക്ഷ്യം കൈവരിക്കാനായാൽ കുടിവെള്ളക്ഷാമം ശാശ്വതമായി പരിഹരിക്കപ്പെടുന്നതോടൊപ്പം പൊതുടാപ്പുകളുടെ വെള്ളക്കരമടവ് എന്ന പഞ്ചായത്തിന്റെ ബാധ്യത പൂർണ്ണമായും ഒഴിവാക്കുന്നതിനും സാധിക്കും. ആയതിനാൽ ജലജീവൻപദ്ധതിക്കായി സർക്കാർ മാർഗ്ഗനിർദ്ദേശത്തിന് അനുസൃതമായി തുക വകയിരുത്തി ചെലവഴിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്. വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1- 24 ഹെൽത്ത് ഗ്രാന്റ് വിനിയോഗ വിവരങ്ങൾ - അവലോകനം

പതിനഞ്ചാം ധനകാര്യ കമ്മീഷൻ (FC-XV) പ്രാഥമിക ആരോഗ്യ സംരക്ഷണം ശക്തിപ്പെടുത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ആരോഗ്യ മേഖല ഗ്രാന്റുകൾ നൽകണമെന്ന് ശുപാർശ ചെയ്യിട്ടുണ്ട്. രോഗനിർണ്ണയ സൗകര്യങ്ങൾ സ്ഥാപിക്കുന്നതും ഗ്രാമീണ ആരോഗ്യ കേന്ദ്രങ്ങളെ ആരോഗ്യക്ഷേമ കേന്ദ്രങ്ങളാക്കി മാറ്റുന്നതും ഉൾപ്പെടെയുള്ള ആരോഗ്യ സംരക്ഷണ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാണ് ഈ ഗ്രാന്റുകൾ ഉദ്ദേശിക്കുന്നത്. ഗ്രാമപഞ്ചായത്തിന് ഹെൽത്ത് ഗ്രാന്റിനത്തിൽ ലഭിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) നാളിതുവരെ ലഭിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിവരം

| സ്കീം | 2021-22 (₹) | 2022-23 (₹) | 2023-24 (₹) | 2024-25 (₹) |
|---|---|---|---|---|
| സ്കീം-1 | -- | -- | -- | -- |
| സ്കീം-2 | -- | -- | -- | -- |
| സ്കീം-3 | 1,98,808 | 6,30,000 | 2,63,000 | -- |
| സ്കീം-4 | 93,981 | 2,82,000 | 4,48,000 | -- |

2) നാളിതുവരെ ചെലവഴിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിവരം

| സ്കീം | 2021-22 (₹) | 2022-23 (₹) | 2023-24 (₹) | 2024-25 (₹) |
|---|---|---|---|---|
| സ്കീം-1 | -- | -- | -- | -- |
| സ്കീം-2 | -- | -- | -- | -- |
| സ്കീം-3 | 1,98,808 | 6,30,000 | -- | -- |
| സ്കീം-4 | 93,981 | 2,82,000 | -- | -- |

ഗ്രാമപഞ്ചായത്തിന് ലഭ്യമായ ഹെൽത്ത് ഗ്രാന്റ് നിലവിൽ ഫലപ്രദമായി വിനിയോഗിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. സ്കീം -3 ൽ 2023-24 ലഭിച്ച 2,63,000 രൂപയും സ്കീം -4 ൽ 4,48,000 രൂപയും ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. ആരോഗ്യ മേഖലയുടെ വികസനത്തിനായി കൈവശമുള്ള ഫണ്ട് ചെലവഴിക്കുന്നതിനും

തുടർന്നും കൂടുതൽ ഫണ്ട് ലഭ്യമാക്കി ആവശ്യമായ പദ്ധതികൾ രൂപകല്പന ചെയ്ത് നടപ്പിലാക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 വികസനഫണ്ട്, നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് എന്നിവയിൽ നിന്ന് ജീവനക്കാരുടെ ഐ.റ്റി.ആർ. റ്റി.ഡി.എസ് ഫയലിംഗിനായി തുക ചെലവഴിച്ചു

ഗ്രാമപഞ്ചായത്തിലെ ഗവ.ആയുർവേദ ഡിസ്പെൻസറി ജീവനക്കാരുടെ ഐ.റ്റി.ആർ. റ്റി.ഡി.എസ് ഫയലിംഗ് നത്തുന്നതിനായി വികസനഫണ്ടിൽ തുക ചെലവഴിച്ചതായി കാണുന്നു. ആയുർവേദ ഡിസ്പെൻസറിയിലെ ആവർത്തനചെലവുകൾക്ക് അനുവദിച്ച പദ്ധതി തുകയിൽ നിന്നാണ് ഫയലിംഗ് തുകകൾക്ക് പണം ചെലവഴിച്ചത്. പദ്ധതി വിശദാംശം ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|---|
| ആയുർവേദ ആശുപത്രിയിലെ ആവർത്തന ചെലവുകൾ | വികസനഫണ്ട് | 5,000 | 2,675 |
| | മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 1,633 | 1,552 |

പ്രസ്തുത പദ്ധതി ചെലവിൽ ഉൾപ്പെടുത്തിയാണ് ജീവനക്കാരുടെ ആദായനികുതി ഫയൽ ചെയ്തിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| **റ്റി.ഡി.എസ്. ക്വാർട്ടർ** | **തുക** | **ബിൽ നമ്പർ/ചെക്ക് നമ്പർ, തീയതി** | **ഫണ്ടിനം** |
|---|---|---|---|
| ഇ.റ്റി.ഡി.എസ് ക്വാർട്ടർ 2,3 (23-24) | 1,220 | BRN.24070252011800139934-09.05.24 | വികസനഫണ്ട് |
| ഇ.റ്റി.ഡി.എസ് ക്വാർട്ടർ 4 (23-24) | 610 | BRN.24070252011800139934-09.05.24 | മെയിന്റനൻസ് ഗ്രാന്റ് നോൺ-റോഡ് |
| ഇ.റ്റി.ഡി.എസ് ഫയലിംഗ് ആന്റ് അപ് ലോഡിംഗ് (23-24) | 610 | ചെക്ക് നമ്പർ 72003041-23.07.24 | മെയിന്റനൻസ് ഗ്രാന്റ് നോൺ-റോഡ് |
| **ആകെ** | **2,440** | | |

ഇൻഫോ ടാക്സ് എന്റർപ്രൈസസ്, തിരുവല്ല എന്ന സ്ഥാപനത്തിനാണ് റിട്ടേൺ ഫയൽ നൽകുന്നതിനായി തുക കൈമാറിയത്. ഗവൺമെന്റ് ജീവനക്കാരന്റെ വ്യക്തിഗത ഐ.റ്റി.ആർ. റ്റി.ഡി.എസ്. ഫയൽ ചെയ്യുന്നതിനുള്ള ഫീസ്, ഫയൽ ചെയ്യുന്ന വ്യക്തിയുടെ സ്വകാര്യ ബാധ്യത ആയതിനാൽ ഗവൺമെന്റ് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നത് ക്രമവിരുദ്ധമാണ്. പ്രസ്തുത ചെലവുമായി ബന്ധപ്പെട്ട് വിശദീകരണം ലഭ്യമാക്കുവാൻ 06.11.2025 തീയതിയിൽ ഓഡിറ്റ് എൻക്വയറി നമ്പർ - 17/2024-25 ലൂടെ ആവശ്യപ്പെട്ടിരുന്നു. ലഭിച്ച മറുപടി അംഗീകരിക്കാൻ കഴിയില്ല. ഐ.റ്റി.ആർ. റ്റി.ഡി.എസ്. ഫയൽ ചെയ്തതിനായി ചെലവഴിച്ച 2,440/- രൂപ നിരാകരിക്കുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ് - വിവരശേഖരണം

| **01.04.2024-** മുൻപ് സർവീസിൽ പ്രവേശിച്ച റഗുലർ ജീവനക്കാരുടെ വിവരം | | | | |
|---|---|---|---|---|
| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ | മെഡിസെപ് പ്രീമിയം ഇനത്തിൽ | ഒടുക്കുവാൻ ബാക്കി നില്ക്കുന്ന തുക | റിമാർക്ക്സ് |

| | | | | |
|---|---|---|---|---|
| | തുക (2024-25) | ഒടുക്കിയ തുക | | |
| 12 | 66,500 | 66,500 | 0 | 2024 സെപ്തംബറിൽ 12 ജീവനക്കാരുടെയും മറ്റ് മാസങ്ങളിൽ 11 ജീവനക്കാരുടെയും പ്രീമിയം ഈടാക്കി അടച്ചു |

**01.04.2024-** മുതൽ **30.06.2024** വരെ സർവീസിൽ പ്രവേശിച്ച റഗുലർ ജീവനക്കാരുടെ വിവരം
ഇല്ല

**01.07.2024-** മുതൽ **31.07.2024** വരെ സർവീസിൽ പ്രവേശിച്ച റഗുലർ ജീവനക്കാരുടെ വിവരം
ഇല്ല

**01.08.2024-** മുതൽ **31.03.2025** വരെ സർവീസിൽ പ്രവേശിച്ച റഗുലർ ജീവനക്കാരുടെ വിവരം
ഇല്ല

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര്/ നമ്പർ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 44,414 | നെൽകൃഷി വികസനം /S0104/25 | 44,414 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 2,01,000 | നെൽകൃഷി വികസനം /S0023/25 | 2,01,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 4,40,000 | ലൈഫ് മിഷൻ പുതിയ ഭവന നിർമ്മാണം എസ്.സി./ S0010/25 | 4,40,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 1,00,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്/S0045/25 | 1,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 2,28,660 | എം.സി. എഫ്. അധിക സൌകര്യം ഒരുക്കൽ/S0117/25 | 2,28,660 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 85,755 | പാലിന് ഇൻസെന്റീവ്/S0034/25 | 85,755 | 0 |
| ആകെ | | 10,99,829 | | 10,99,829 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 4,88,463 | നെൽകൃഷി വികസനം /S0104/25 | 4,88,463 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 2,36,250 | നെൽകൃഷി വികസനം /S0023/25 | 2,36,250 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 6,10,000 | ലൈഫ് മിഷൻ പുതിയ ഭവന നിർമ്മാണം എസ്.സി./ S0010/25 | 6,10,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 2,90,000 | ലൈഫ് മിഷൻ പുതിയ ഭവന നിർമ്മാണം ജനറൽ/ S0009/25 | 2,90,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 50,552 | ശാരീരിക മാനസീക ലെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്/S0045/25 | 50,552 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 3,11,901 | അംഗനവാടി കെട്ടിട നിർമമാണം /S0088/25 | 3,11,901 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 12,06,125 | കൊല്ലംന്തറ ഇല്ലിമല മൂഴിയ്ക്കൽ തോട് പുനരുദ്ധാരണം/S0147/25 | 12,06,125 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 50,000 | പാലിന് ഇൻസെന്റീവ്/S0034/25 | 50,000 | 0 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2024-25 | 24,006 | പാലിന് ഇൻസെന്റീവ്/S0094/25 | 24,006 | 0 |
| ആകെ | | 32,67,297 | | 32,67,297 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൌച്ചർ നമ്പർ / ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്. ഇ.ബി. | 4-ാം വാർഡ് അങ്കണവാടിക്ക് കറന്റ് കണക്ഷൻ | BRN 2407025201 5501199139/ 20.1.25 | 46,078 | 0 | 46,078 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശം | ഉത്തരവ് നമ്പർ/ തീയതി | തൻവർഷം ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | ആകെ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് ഭവന നിർമ്മാണ പദ്ധതി | ലഭ്യമല്ല | 43,29,817 | 24,23,505 | 67,53,322 | 6,11,136 | | 61,42,186 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഇല്ല.

## 4-9 ചാർജ്ജ്/ സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 3,23,03,312 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 2,72,08,199 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2,440 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 13,36,588 |

**ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | വരവ് നഷ്ടം | ചെലവ് നഷ്ടം | |
| 1-22/3-1 | | 2,440 | ഡോ.സതീഷ് കുമാർ, മെഡിക്കൽ ഓഫീസർ, ആയുർവേദം |

| | | | |
|---|---|---|---|
| **ആകെ** | - | 2,440 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 17,200 | ശ്രീമതി രാജശ്രീ രാജൻ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-14 | 1,00,000 | ശ്രീമതി കവിത ആർ.പി., വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ |
| 1-15 | 1,22,630 | ഡോ.സുരേഷ് കുമാർ, മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) |
| 1-19 | 94,758 | ശ്രീമതി ലത എൽ., സെക്രട്ടറി |
| 1-20 | 10,02,000 | ശ്രീമതി ലത എൽ., സെക്രട്ടറി |
| **ആകെ** | 13,36,588 | |

**സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ലത എൽ., സെക്രട്ടറി | സെക്രട്ടറി, പാണ്ടനാട് ഗ്രാമപഞ്ചായത്ത് | വല്ലകി, നെയ്യാറ്റിൻകര പി.ഒ., തിരുവനന്തപുരം |
| ഡോ.സുരേഷ് കുമാർ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. പാണ്ടനാട് | അശ്വതി, ഒരിപ്രം, ചെന്നിത്തല പി.ഒ., മാന്നാർ, ആലപ്പുഴ |
| ഡോ.സതീഷ് കുമാർ, മെഡിക്കൽ ഓഫീസർ, ആയുർവേദം | മെഡിക്കൽ ഓഫീസർ, ജി.എ.ഡി. പാണ്ടനാട് | പുളിയൻമാവിൽ, കിഴക്കുംമുറി, കാവുംഭാഗം പി.ഒ., തിരുവല്ല, പത്തനംതിട്ട |
| ശ്രീമതി കവിത ആർ.പി., വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, പാണ്ടനാട് | നാരയണമംഗലത്ത് ഇല്ലം, പുന്നപ്ര വടക്ക് പി.ഒ., പറവൂർ, ആലപ്പുഴ |
| ശ്രീമതി രാജശ്രീ രാജൻ, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ, ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് ഓഫീസ്, പുലിയൂർ പി.ഒ., ചെങ്ങന്നൂർ | കൊച്ചുവാണിയേത്ത്, കുരട്ടിശ്ശേരി പി.ഒ., മാന്നാർ, ആലപ്പുഴ |
| ശ്രീമതി ഉഷ ആർ., അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, എസ്.ഐ.ഡി. & ഇ.ഡബ്യൂ. സെക്ഷൻ, പാണ്ടനാട് | അരുണിമ, ഹരിപ്പാട് പി.ഒ., ഹരിപ്പാട്, ആലപ്പുഴ |

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.ജി.എ5-1832/11 /1.2.2012 |
| 1998-99 | എൽ.എഫ്.ജി.എ5-1832/11 /1.2.2012 |
| 1999-2000 | എൽ.എഫ്.ജി.എ5-1832/11 /1.2.2012 |
| 2002-03 (ചെലവ്) | എൽ.എഫ്.ജി.എ5-1832/11 /1.2.2012 |
| 2003-04 (ചെലവ്) | എൽ.എഫ്.ജി.എ5-1832/11 /1.2.2012 |
| 2004-05 (ചെലവ്) | എൽ.എഫ്.ജി.എ5-1832/11 /1.2.2012 |
| 2005-06 | എൽ.എഫ്.ജി.എ5-1832 /11 /1.2.2012 |
| 2006-07 | എൽ.എഫ്.ജി.എ5-1577B/14 /4.5.2014 |
| 2007-08 | കെ.എസ്.എ-എ.എൽ.പി/പി7-1591/22/02.05.2023 |
| 2008-09<br>2009-2010<br>2010-2011 | കെ.എസ്.എ-എ.എൽ.പി/പി7-1591/22/02.05.2023 |
| 2011-2012<br>2012-2013 | കെ.എസ്.എ-എ.എൽ.പി/പി7-1591/22/02.05.2023 |
| 2013-2014 | കെ.എസ്.എ-എ.എൽ.പി/പി7-1591/22/02.05.2023 |
| 2014-2015 | കെ.എസ്.എ-എ.എൽ.പി/പി7-1591/22/02.05.2023 |
| 2015-16 | കെ.എസ്.എ-എ.എൽ.പി/പി7-1591/22/02.05.2023 |
| 2016-17 | കെ.എസ്.എ-എ.എൽ.പി/പി7-1591/22/02.05.2023 |
| 2017-18 | കെ.എസ്.എ-എ.എൽ.പി/പി7-1591/22/02.05.2023 |
| 2018-19 | കെ.എസ്.എ-എ.എൽ.പി/പി7-1591/22/02.05.2023 |
| 2019-20 | കെ.എസ്.എ-എ.എൽ.പി-പി.7/123/2022/24.02.2022 |
| 2020-21 | കെ.എസ്.എ-എ.എൽ.പി-പി.7/124/2022/24.02.2022 |
| 2021-22 | കെ.എസ്.എ-എ.എൽ.പി-പി.7/76/2023/29.03.2023 |
| 2022-23 | കെ.എസ്.എ-എ.എൽ.പി-പി.7/1270/2023/01.12.2023 |
| 2023-24 | കെ.എസ്.എ-എ.എൽ.പി/പി 7 -956/2024/19.12.24 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

**Annexure-1**
**Audit Certificate**

i. I have audited the attached Financial statements approved vide resolution number 3 dated 3 dated 23-06-2025 and submitted on 28-06-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Pandanad Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI’s management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Pandanad Grama Panchayat as on 31-03-2025

**Date: 18/12/2025** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Pandanad Grama Panchayat for the Year 2024-2025.

**1.Major Observations**

NIL

**2.Other Observations**

1. MGNREGS expenditure entered wrongly in Income and Expeniture Shedule, I-14 (f).
2. Expenditure of CFC (Tied & Untied) grant in AFS differs with those amount in grant statement and expenditure statement.
3. Receipt and Closingbalance amount of Loan as per register differs with AFS.
4.Amount deposited in KSEB for anganawadi electrification not included in Balance sheet B18 shedule and Receipt and Payment RP49 shedule.
5. Asset register not updated.
6. E payment amount entered wrongly in non operating current account heads.
7. The mandatory general statements such as Ratios and Notes on accounts are not submitted with AFS.

Deputy Director

# **അനുബന്ധം-2**
## **ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം**

ആലപ്പുഴ ജില്ലയിലെ പാണ്ടനാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്